# മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

No. FCC/MISC/2017 തീയതി: 21/11/2018

## <u>പരിപത്രം</u>

വിഷയം:- ആദായനികുതി വാർഷിക കണക്കുകളുടെ സമർപ്പണം (അന്തിമം) - വരുമാനസ്രോതസ്സിൽ നികുതികിഴിവുകൾ നടത്തുന്നത് - സംബന്ധിച്ച്.

എം.ജി. യൂണിവേഴ്സിറ്റിയിലെ എല്ലാ ജീവനക്കാരും അവരുടെ നടപ്പുസാമ്പത്തിക വർഷത്തിലെ വരുമാനത്തിന്റെയും കരമൊഴിവായ നിക്ഷേപങ്ങളുടേയും കണക്കുകൾ **2018 ഡിസംബർ 10-ാം** തീയതിക്കു മുമ്പായി എഫ്.സി.സി. സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. ഈ കണക്കുകളോടൊപ്പം താഴെപ്പറയുന്നവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാകുന്നു.

1. 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ ലഭിച്ച ശമ്പളവരുമാനവും ലഭിക്കാനുള്ള ശമ്പളവും ഉൾപ്പടെയുള്ള ആകെ തുക.
2. പഴയ ശമ്പളനിരക്കിൽ 3% (109-112), പുതിയ ശമ്പളനിരക്കിൽ 1% (14-15), യു.ജി.സി. ശമ്പളനിരക്കിൽ 3% (136-139) എന്നീ നിരക്കിലുള്ള ക്ഷാമബത്ത കുടിശ്ശികകളുടെ തുക കാലയളവിൽ ലഭിച്ചതും, ലഭിക്കാനുള്ളതുമായ തുക.
3. ആർജ്ജിത അവധി സമർപ്പണത്തിലൂടെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ യുള്ള കാലയളവിൽ ലഭിച്ചതും ലഭിച്ചേക്കാവുന്നതുമായ ആകെ തുക.
4. പുതുക്കിയ ശമ്പള കുടിശ്ശികയായി, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ ലഭിച്ചതും ലഭിക്കാൻ സാദ്ധ്യതയുള്ളതുമായ ആകെ തുക.
5. മറ്റേതെങ്കിലും ഇനത്തിൽ ശമ്പളമായോ, കുടിശ്ശികയായോ ലഭിച്ചതുക.

താഴെപ്പറയുന്ന കാര്യങ്ങൾ ഈ കണക്കുകളുടെ സമർപ്പണവുമായി ബന്ധപ്പെട്ട് നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.

1. എല്ലാ ജീവനക്കാരും നിർബന്ധമായും PAN നേടിയിരിക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ്, FCC സെക്ഷൻ, അക്കൗണ്ട്സ് III സെക്ഷൻ എന്നിവിടങ്ങളിൽ സമർപ്പിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം PAN ഇല്ലാത്ത ജീവനക്കാരുടെ ശമ്പളം അടുത്തമാസം മുതൽ തടഞ്ഞുവയ്ക്കുന്നതായിരിക്കും.
2. ആദായനികുതി കിഴിവിലേക്കായി സമർപ്പിക്കുന്ന കണക്കുകൾ നിർബന്ധമായും, നിയമപരമായി അംഗീകരിച്ചതും, അംഗീകരിക്കാവുന്നതുമായ രേഖകളോടൊപ്പമായിരിക്കണം. ഏതെങ്കിലും കാരണവശാൽ രേഖകൾ സമർപ്പിക്കാൻ സാവകാശം വേണമെങ്കിൽ അതു കണക്കുകളോടൊപ്പം പ്രത്യേകമായി ഒരു അപേക്ഷയിൽ കാണിച്ചിരിക്കേണ്ടതാണ്.
3. ഭവനനിർമ്മാണവായ്പ കിഴിവുകൾ ആവശ്യമുള്ളവർ അംഗീകൃതവായ്പകളുടെ തിരിച്ചടവിന്റെയും പലിശയുടെയും വേർതിരിച്ച കണക്കുകൾ അതതു വായ്പാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി, നികുതി കണക്കുകളുടെ ഒപ്പം സമർപ്പിക്കേണ്ടതാണ്. നികുതിദായകന് ഗൃഹത്തിനുള്ള അവകാശം സ്ഥാപിക്കുന്നതിനു വേണ്ട രേഖകളും (പാർപ്പിട നികുതിയുടെ പകർപ്പ്/പൂർത്തീകരണ സാക്ഷ്യപത്രം) ഇതി

നോടൊപ്പം സമർപ്പിക്കേണ്ടതാണ്. വായ്പ നൽകിയ സ്ഥാപനത്തിന്റെ വിവരങ്ങൾ, PAN സഹിതം, കണക്കുകളോടൊപ്പം നിർബന്ധമായും നൽകേണ്ടതാണ്.

4. നിർദ്ദിഷ്ട തീയതിക്കു മുൻപായി പ്രതീക്ഷിത ആദായ നികുതി കണക്കുകളുടെ സമർപ്പണം നടത്താത്തവരുടെയും, അനുബന്ധ രേഖകൾ സമർപ്പിക്കാത്തവരുടെയും, തുടർന്നുവരുന്ന മാസത്തെ ശമ്പളം മുതൽ എഫ്.സി.സിയിൽ ലഭ്യമായ കരമൊഴിവായ നിക്ഷേപങ്ങൾ കിഴിച്ച് ആദായ നികുതി കണക്കാക്കുന്നതും, ശമ്പളത്തിൽ നിന്ന് കിഴിവുചെയ്യുന്നതുമായിരിക്കും.

5. നികുതിദായകർ അവരവരുടെ നികുതി സമർപ്പണത്തിന്റെ രേഖകൾ, ആവശ്യമുള്ള പക്ഷം ആദായനികുതി വകുപ്പിന്റെ വെബ്സൈറ്റിൽ ഒത്തു നോക്കേണ്ടതാണ്. (Form 26 AS, www.incometaxindiaefiling.gov.in) ഏതെങ്കിലും സംശയങ്ങൾ ഉള്ളപക്ഷം, അക്കൗണ്ട്സ് III സെക്ഷനുമായി ബന്ധപ്പെട്ട് സംശയനിവൃത്തി വരുത്തേണ്ടതാണ്. ആദായനികുതി വകുപ്പ് ഓരോ നികുതി ദായകനും എല്ലാ 3 മാസത്തിലും നികുതി കിഴിവിന്റെ വിവരങ്ങൾ അറിയിക്കുന്നതിനാൽ ആയത് ഒത്തുനോക്കി, കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

6. എല്ലാ ജീവനക്കാരും ആദായനികുതി കണക്കുകൾ സമർപ്പിക്കുമ്പോൾ എഫ്.സി.സി. സെക്ഷനിൽ നിന്നും പുറപ്പെടുവിക്കുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പുകൾ തന്നെ നിർബന്ധമായും ഉപയോഗിക്കാൻ ശ്രദ്ധിക്കുക. അങ്ങനെയല്ലാത്തവ സ്വീകരിക്കുന്നതല്ല. മേൽപറഞ്ഞ സാക്ഷ്യപത്രത്തിന്റെ പകർപ്പ് എം.ജി. യൂണിവേഴ്സിറ്റി വെബ്സൈറ്റിലും ലഭ്യമാണ്. (www.mgu.ac.in)

(ഒപ്പ്)
**ഫിനാൻസ് ഓഫീസർ**

To

എല്ലാ ജീവനക്കാരും/ഓഫീസർമാർ/സ്കൂളുകൾ/ഫിനാൻസ് ഓഫീസർ/
ഡിപ്പാർട്ട്മെന്റുകൾ/യൂണിവേഴ്സിറ്റി സെക്ഷനുകൾ: വിവരങ്ങൾക്കും,
തുടർ പ്രവർത്തനങ്ങൾക്കും.